**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **04-08-2021 - ൽ മറുപടിയ്ക്ക്**

**മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഏതൊക്കെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിൽ ഉണ്ടെന്ന് വിശദമാക്കുമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിലുണ്ട്. |
| (ബി) | പുതുതായി ഏതെങ്കിലും സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ ഡി.എം.ഇ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നതിനുള്ള മെ.വി.ഡ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഡി.എം.ഇ നൽകിയ പ്രൊപ്പോസലിൽ എത്ര സീറ്റ് വീതമാണ് ശിപാർശ ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ഡി.എം.ഇ. ലഭ്യമാക്കിയ പ്രൊപ്പോസലിൽ 8 സീറ്റാണ് ശിപാർശ ചെയ്തിരിക്കുന്നത്. |
| (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ B6/ 27361/2018/DME dated. 25.09.2020 നമ്പർ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ; ഫിനാൻസ് വകുപ്പ് പ്രസ്തുത ഫയലിൽ നൽകിയ നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ 4 സീറ്റോട്ടു കൂടി മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 29/01/2020 ൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ INC മാനദണ്ഡങ്ങൾ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ടി വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, മെ.വി.ഡ 25/09/2020 ൽ ലഭ്യമാക്കിയ പ്രൊപ്പോസൽ ശിപാർശ ചെയ്ത് വീണ്ടും ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ, “ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് നിലവിൽ പരിഗണിക്കാൻ കഴിയുകയില്ലെന്ന “ ടി വകുപ്പിന്റെ 13/02/2021 ലെ അഭിപ്രായത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഫയൽ മടക്കി. ടി ഫയലിൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

File No.HLT-A2/90/2020-FIN

1486360 /HLT-A2/90/2020-FIN FIN(HEALTH-A)DEPT
**07/04/2020**

Administrative Department is requested to furnish the proposal on the basis of INC norms and specific recommendation on higher level.

**LEENA.V.S, US (HEALTH-A) FIN, O/O US FINANCE (HEALTH-A)**
**UNDER SECRETARY**
**For Additional Secretary (Fin)**

File No.HLT-A2/90/2020-FIN

1486360 /HLT-A2/90/2020-FIN FIN(HEALTH-A) DEPT

1432709 / HEALTH-C3/35/2020-HEALTH **13/02/2021**

The Administrative Department is informed that, In view of the financial crunch being faced by the State, the proposal is deferred for better times.

**LEENA.V.S, US (HEALTH-A) FIN, O/O US FINANCE (HEALTH-A)**
**UNDER SECRETARY**
**For Secretary ( Finance Expenditure )**

File No.HLT-A2/90/2020-FIN

1486360 / HLT-A2/90/2020-FIN Fin(HEALTH-A)DEPT
1432709 / HEALTH-C3/35/2020-HEALTH Dated: 10/07/2021

The Administrative Department is informed that ,taking into account of the present economic status of the State , **'Finance '** adhere to its earlier remarks dated 13/02/2021.

**LIJA L J, US (HEALTH-A) FIN, O/O US FINANCE (HEALTH-A)**
**Under Secretary**
For Secretary ( Finance Expenditure)

സെക്ഷൻ ഓഫീസർ